# സീനിയർ സെക്കണ്ടറി
## മലയാളം (343)
# MALAYALAM
# നിർദ്ദിഷ്ട പഠനപ്രവർത്തനം
## Tutor Marked Assignments

പരമാവധി മാർക്ക് : 20
Max Marks : 20

**കുറിപ്പ് :**

(I) എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതേണ്ടതാണ്. ഓരോ ചോദ്യത്തിനും അനുവദിച്ചിട്ടുള്ള മാർക്ക് ചോദ്യത്തോടൊപ്പം കൊടുത്തിരിക്കുന്നു.

(ii) ഉത്തരക്കടലാസിന്റെ ഒന്നാംപുറത്ത് നിങ്ങളുടെ പേര്, റോൾ നമ്പർ, അദ്ധ്യയനകേന്ദ്രത്തിന്റെ പേര്, വിഷയത്തിന്റെ പേര് തുടങ്ങിയവ മുകൾഭാഗത്തായി എഴുതുക.

I. **താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 40 – 60 വാക്കിൽ ഉത്തരമെഴുതുക.**

(1) അമ്മ കൃഷ്ണനെ ശിക്ഷിച്ചതെന്തിന്? അതിന്റെ പരിണാമം എന്തായിരുന്നു? പാഠഭാഗത്തെ അടിസ്ഥാനമാക്കി പരിശോധിക്കുക.

(ആധാരം : പാഠം – 1) (2 മാർക്ക്)

(2) ''മനുഷ്യപുത്രി'' എന്ന കഥയിലെ ഗോവിന്ദൻകുട്ടി ഒരു പൊതുപ്രവർത്തകൻ എന്ന നിലയിൽ സ്വന്തം ജീവിതത്തെ വിലയിരുത്തുന്നതെങ്ങനെ?

(ആധാരം : പാഠം – 4) (2 മാർക്ക്)

II. **താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 40 – 60 വാക്കിൽ ഉത്തരമെഴുതുക.**

(1) മുതലാളിമാരുടെയും തൊഴിലാളികളുടെയും ജീവിതാവസ്ഥകൾ തമ്മിലുള്ള താരതമ്യം ''മാപ്പ്'' എന്ന കവിതയിൽ വള്ളത്തോൾ അവതരിപ്പിക്കുന്നതെങ്ങനെ?

(ആധാരം : പാഠം – 6) (2 മാർക്ക്)

(2) ഗൃഹനിർമ്മാണത്തിൽ കേരളത്തിൽ ഇന്നു കണ്ടുവരുന്ന ആഡംബര സ്വഭാവം ലളിതജീവിതത്തിന് എങ്ങനെ തടസ്സമാവുന്നു? ഗാന്ധിജിയുടെ ലളിതജീവിതം എന്ന പാഠഭാഗത്തെ അടിസ്ഥാനമാക്കി ചർച്ച ചെയ്യുക.

(ആധാരം : പാഠം – 12) (2 മാർക്ക്)

III. **താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 40 – 60 വാക്കിൽ ഉത്തരമെഴുതുക.**

(1) ''ലോകമേ തറവാട്'' എന്ന മഹാകവി വള്ളത്തോൾ പാടിയതിന്റെ ആശയം ചുരുക്കി എഴുതുക.

(ആധാരം : പാഠം – 8) (2 മാർക്ക്)

(2) ആദിമകാലത്തു നിന്നും ഇന്നത്തെ സമൂഹത്തിലെത്തുമ്പോൾ ആശയവിനിമയത്തിനു സംഭവിച്ച മാറ്റങ്ങൾ ലേഖകൻ വിവരിക്കുന്നതെങ്ങനെ?

(ആധാരം : പാഠം – 10) (2 മാർക്ക്)

IV. **താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 100 – 150 വാക്കിൽ ഉത്തരമെഴുതുക.**

(1) ''കൃഷ്ണഗാഥ തനി മാനുഷികമായ കാവ്യമാണ്'' – പാഠഭാഗത്തെ ആസ്പദമാക്കി പരിശോധിക്കുക.

(ആധാരം : പാഠം – 1) (4 മാർക്ക്)

(2) ഗോവിന്ദൻകുട്ടിയുടെയും കുഞ്ഞാത്തലമ്മയുടെയും ഇപ്പോഴത്തെ ജീവിതാവസ്ഥകൾ താരതമ്യം ചെയ്ത്, ഇത് പഴയ കാലത്തിൽ നിന്നും എത്രമാത്രം വ്യത്യസ്തമാണെന്ന് വിശകലനം ചെയ്യുക.

(ആധാരം : പാഠം – 4) (4 മാർക്ക്)

V. **താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 100 – 150 വാക്കിൽ ഉത്തരമെഴുതുക.**

(1) ''അയൽപക്കത്തെ സ്നേഹിക്കുക എന്ന ഉപദേശം കുട്ടികൾക്കെന്നതിലേറെ വേണ്ടതു മുതിർന്ന വർക്കാണ്'' – സുകുമാർ അഴീക്കോട് ഇങ്ങനെ പറഞ്ഞതെന്തുകൊണ്ട്?

(ആധാരം : പാഠം – 8) (4 മാർക്ക്)

(2) ഗാന്ധിജിയുടെ പാഠഭാഗത്തെ അടിസ്ഥാനമാക്കി, ലളിതജീവിതത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വിദേശ ത്തുള്ള സുഹൃത്തിന് അയയ്ക്കാനുള്ള ഒരു കത്ത് തയ്യാറാക്കുക.

(ആധാരം : പാഠം – 12) (4 മാർക്ക്)

VI. **താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 500 വാക്കിൽ ഉത്തരമെഴുതുക.**

(1) അറിവു പകരുക, വിവരങ്ങൾ നൽകുക, രസിപ്പിക്കുക എന്നീ പ്രഖ്യാപിത ലക്ഷ്യങ്ങളോട് ഇന്നത്തെ മാധ്യമങ്ങൾ നീതി പുലർത്തുന്നുണ്ടോ? ഈ വിഷയത്തിൽ നടക്കുന്ന സംവാദത്തിൽ ഇരുപക്ഷത്തും ഉന്നയിക്കാവുന്ന വാദഗതികൾ സംഗ്രഹിക്കുക.

(ആധാരം : പാഠം – 10) (6 മാർക്ക്)

(2) ഭാരതത്തിലെ പട്ടിണി മരണങ്ങൾക്ക് വള്ളത്തോൾ കണ്ടെത്തുന്ന കാരണങ്ങൾ വിശകലനം ചെയ്യുക. സമകാലിക സാമൂഹ്യ സാഹചര്യങ്ങൾ ഇതിൽ നിന്നു മാറി പ്രത്യാശയ്ക്കു വക നല്കുന്നുണ്ടോ? പരിശോധിക്കുക.

(ആധാരം : പാഠം – 6) (6 മാർക്ക്)